ഏലൂർ നഗരസഭ കാര്യാലയം
ഫോൺ : 0484-2545559
തീയതി : 24.10.2026

ടെണ്ടർ നോട്ടീസ്

വിഷയം : ഏലൂർ നഗരസഭാ പ്രദേശത്തെ പൊതുനിരത്തുകൾ, പൊതുസ്ഥലങ്ങൾ, പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ കുറ്റിച്ചെടികൾ, പുല്ലുകൾ എന്നിവ ഗ്രാസ്സ് കട്ടർ ഉപയോഗിച്ച് വൃത്തിയാക്കുന്നതിന് മണിക്കൂർ അടിസ്ഥാനത്തിൽ പ്രവൃത്തി നിർവ്വഹിക്കുന്നതിന് മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നത്- സംബന്ധിച്ച്

സൂചന : പ്രൊജക്ട് നം. 382/27

ഏലൂർ നഗരസഭാ പരിധിയിലുള്ള പൊതു നിരത്തുകൾ, പൊതുസ്ഥലങ്ങൾ, വിവിധ പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ കുറ്റിച്ചെടികളും പുല്ലുകളും ഗ്രാസ്സ് കട്ടർ ഉപയോഗിച്ച് വെട്ടി വൃത്തിയാക്കുന്നതിനായി മണിക്കൂർ അടിസ്ഥാനത്തിൽ പ്രവൃത്തി നിർവ്വഹിക്കുന്നതിന് പരിചയസമ്പന്നരായ വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിക്കുന്നു.

പ്രവൃത്തിയുടെ വിശദാംശങ്ങൾ

- ഗ്രാസ്സ് കട്ടർ ഉപയോഗിച്ച് കുറ്റിച്ചെടികളും പുല്ലുകളും വെട്ടി വൃത്തിയാക്കണം
- നഗരസഭ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ആവശ്യാനുസരണം പ്രവൃത്തി നിർവ്വഹിക്കണം
- ആവശ്യമായ ഉപകരണങ്ങൾ, ഇന്ധനം, തൊഴിലാളികൾ തുടങ്ങിയവ കരാറുകാരൻ തന്നെ ലഭ്യമാക്കേണ്ടതാണ്.
- പ്രവൃത്തി സമയബന്ധിതമായും നഗരസഭ ആരോഗ്യ - ശുചിത്വ മാനദണ്ഡങ്ങൾ പാലിച്ചും നിർവ്വഹിക്കണം

ടെണ്ടർ സമർപ്പിക്കേണ്ട വിധം

- ടെണ്ടറുകൾ സീൽ ചെയ്ത കവറിൽ സമപ്പിക്കേണ്ടതാണ്.
- കവറിനു മുകളിൽ **"ഗ്രാസ്സ്കട്ടർ ഉപയോഗിച്ച് പൊതു സ്ഥലങ്ങൾ വൃത്തിയാക്കുന്നതിനുള്ള ടെണ്ടർ"** എന്ന് രേഖപ്പെടുത്തണം.
- മണിക്കൂർ അടിസ്ഥാനത്തിലുള്ള നിരക്ക് വ്യക്തമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.
- GST ഉൾപ്പെടെയുള്ള എല്ലാ നികുതികളും പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.
- പ്രവൃത്തിയുടെ അടങ്കൽ തുക GST ഉൾപ്പെടെ 2,00,000/- (രൂപ രണ്ട് ലക്ഷം മാത്രം) ആയിരിക്കുന്നതാണ്.
- നിശ്ചിത ഫീസ് ഒടുക്കി നഗരസഭയിൽ നിന്നും വാങ്ങിയ ടെണ്ടർ ഫോമിലായിരിക്കണം ടെണ്ടർ സമർപ്പിക്കേണ്ടത് .
- ടെണ്ടർ ഫോമിന്റെ വില 1000/- രൂപ

ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയ്യതി :- **10.11.2026 ഉച്ചയ്ക്ക് 1.00 മണി വരെ**

ടെണ്ടർ തുറക്കുന്ന തീയ്യതിയും സമയവും :- **11.11.2026 വൈകുന്നേരം 3.00 മണി**

മറ്റ് നിബന്ധനകൾ

1. നഗരസഭയ്ക്ക് യാതൊരു കാരണവും വ്യക്തമാക്കാതെ ഏതെങ്കിലും ടെണ്ടർ സ്വീകരിക്കാനോ നിരസിക്കാനോ അവകാശമുണ്ടായിരിക്കുന്നതാണ്.
2. ആവശ്യമായാൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വ്യക്തിയുമായി / സ്ഥാപനവുമായി ചർച്ച നടത്താവുന്നതാണ്.
3. പ്രവൃത്തി തൃപ്തികരമല്ലെങ്കിൽ കരാർ റദ്ദാക്കുന്നതിന് നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
4. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് പ്രവൃത്തി സമയങ്ങളിൽ ഏലൂർ നഗരസഭ ആരോഗ്യവിഭാഗവുമായി ബന്ധപ്പെടാവുന്നതാണ്.

ELOOR MUNICIPALITY
UDYOGAMANDAL-P.O.

ക്ലീൻ സിറ്റി മാനേജർ
ഏലൂർ നഗരസഭ